LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറീസ് ഹാർബറിന്റെ അരക്ഷിതാവസ്ഥ

93 [250] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷറീസ് ഹാർബറിൽ മണ്ണ് കുമിഞ്ഞുകൂടിയതുമൂലം മത്സ്യബന്ധന ബോട്ടുകൾക്ക് പ്രയാസമുണ്ടാകുന്ന വസ്തുത ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഡ്രഡ്ജിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ഈ സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വാർഫിന്റെ മുൻവശവും ചാനലും ഡ്രഡ്ജ് ചെയ്യുന്ന പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു.

(സി) പുതിയാപ്പ ഫിഷിംഗ് ഹാർബർ വികസനത്തിന് ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി മണ്ണെണ്ണ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

94 [251] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി നൽകുന്ന മണ്ണെണ്ണ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വള്ളങ്ങളിലെ എൻജിനുകൾക്ക് മണ്ണെണ്ണ അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ഔട്ട് ബോർഡ് എൻജിനുകൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ എൻജിനും പ്രതിമാസം നൽകുന്ന മണ്ണെണ്ണയുടെ അളവ് എത്ര; മുൻ കാലങ്ങളിൽ എത്ര ലിറ്റർ മണ്ണെണ്ണയാണ് നൽകിയിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) 6 വർഷം പഴക്കമുള്ള എൻജിനുകളുടെ മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) ഈ വിധത്തിൽ പെർമിറ്റ് റദ്ദാക്കിയ എൻജിനുകളുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സിവിൽ സപ്ലൈസ് വകുപ്പ്, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തി, ശുപാർശ ചെയ്യപ്പെടുന്ന കെ.എം.എഫ്.ആർ. നിയമ പ്രകാരം രജിസ്റ്റർ ചെയ്തതും പ്രവർത്തിക്കുന്നതുമായ എൻജിനുകൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നു.

(സി) 13822 ഔട്ട് ബോർഡ് എൻജിനുകൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്.

(ഡി) 10 എച്ച്.പി. വരെയുള്ള എൻജിനുകൾക്ക് 350 ലിറ്റർ, 11-15 എച്ച്.പി. വരെയുള്ള എൻജിനുകൾക്ക് 375 ലിറ്റർ, 16-40 എച്ച്. പി. വരെയുള്ള എൻജിനുകൾക്ക് 500 ലിറ്റർ എന്നീ തോതിലാണ് മുൻകാലങ്ങളിൽ മണ്ണെണ്ണ വിതരണം ചെയ്തിരുന്നത്. എന്നാൽ കേന്ദ്രത്തിൽ നിന്നുള്ള മണ്ണെണ്ണ അലോട്ട്മെന്റ് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഇപ്പോൾ മേൽപ്പറഞ്ഞ അളവിന്റെ 50% മണ്ണെണ്ണയാണ് വിതരണം ചെയ്യുന്നത്.

(ഇ) തീരുമാനിച്ചിട്ടില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly